"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ഷെറീന, കുമ്പ്രകണ്ണാലത്ത് വളപ്പിൽ ഹൌസ്, മല.പി.ഒ, പട്ടിത്തറ, പാലക്കാട് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.15/2026/ID  തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-
1. പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ 19.10.2020 ഡി.ഒ.പി/2348/2019/എ1 നമ്പർ ഡിമാൻ്റ് നോട്ടീസ്.
2. ശ്രീമതി.ഷെറീന, കുമ്പ്രകണ്ണാലത്ത് വളപ്പിൽ ഹൌസ്, മല.പി.ഒ, പട്ടിത്തറ, പാലക്കാട് 27.01.2021 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. WP(C) 33712/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 23/09/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, പട്ടിത്തറ വില്ലേജ്, സർവ്വേ നം.154/3, 154/2A, 154/2B ൽ ഉൾപ്പെട്ടതും ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് അനധികൃതമായി ഖനനം ചെയ്ത 6600 ക്യൂ.മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 12,13,000/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് ലഭ്യമാക്കിയ 19/10/2021 തീയതിയിലെ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.ഷെറീന, കുമ്പ്രകണ്ണാലത്ത് വളപ്പിൽ ഹൌസ്, മല.പി.ഒ, പട്ടിത്തറ, പാലക്കാട് 27.01.2021 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജിയുടെയും അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് ഹർജിക്കാരി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 33712/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 23/09/2025 തീയതിയിലെ വിധിന്യായത്തിനെറയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 20/11/2025 ന് നേരിൽ കേട്ടു.

2. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

അപ്പീൽ കക്ഷിക്ക് പ്രസ്തുത ഭൂമിയിൽ 2025 വരെ ക്വാറിയിംഗ് പെർമിറ്റ് ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ക്വാറി പൂട്ടി. ടി സമയത്ത് ജില്ലാ ജിയോളജിസ്റ്റ് വന്ന് ക്വാറി അളന്ന് അതു സംബന്ധിച്ച എല്ലാ നടപടികളും അവസാനിപ്പിച്ചു. അതിന് ശേഷം അവിടെ നിന്നും ഖനനം

നടത്തിയിട്ടില്ല. ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന ജിയോളജിസ്റ്റിന്റെ കണ്ടെത്തലുകൾ തെറ്റാണ്. കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്താതെയും കക്ഷിയെ നേരിൽ കേൾക്കാതെയുമാണ് ഡിമാന്റ് നോട്ടീസ് നല്കിയിരിക്കുന്നത്. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണ്. കൂടാതെ ഡിമാന്റ് തുകയുടെ പലിശ അടക്കം 16,98,433 രൂപ ഒടുക്കുവാൻ റവന്യൂ റിക്കവറി നോട്ടീസ് നല്കിയിരിക്കുകയാണെന്നും എന്നാൽ കക്ഷി 27/01/2021-ൽ തന്നെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതിനാലും അത് ഇത്രയും നാൾ തീർപ്പാക്കാത്തതിനാലുമാണ് പലിശ അടക്കം നോട്ടീസ് വന്നതെന്നും അതിനാൽ 19-10-2020-ൽ ജിയോളജിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടു.

3.അപ്പീൽ അപേക്ഷയിന്മേൽ ജില്ലാ ജിയോളജിസ്റ്റ് ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു

പട്ടാമ്പി താലൂക്ക് ഓഫീസിലെ 30/11/2018 തീയതി ബി3-6239/2016 നമ്പർ കത്ത് ജില്ലാ ഓഫീസിലേക്ക് അയച്ച തന്നതിൽ പട്ടിത്തറ വില്ലേജിലെ മല അംശം കക്കാട്ടിരി ദേശം സർവ്വേ നം.150/1,151/1,152 എന്നിവയിൽപ്പെട്ട സ്ഥലങ്ങളിൽ സ്ഥലം ഉടമകൾ അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയതായി പട്ടിത്തറ വില്ലേജ് ഓഫീസർ റിപ്പോർട്ട് നല്കിയിട്ടുണ്ടെന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയ സ്ഥലം ഉടമകളിൽ നിന്ന് 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള റോയൽറ്റി, പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചിരുന്നു. ടി കത്തിനോടൊപ്പം അനധികൃത ഖനനം നടത്തിയ സ്ഥലം ഉടമകളുടേയും സർവ്വേ മാപ്പിന്റെയും പകർപ്പുകളും ഉള്ളടക്കം ചെയ്തിരുന്നു. കൂടാതെ ഒറ്റപ്പാലം സബ് കളക്ടറുടെ ഓഫീസിൽ നിന്നും 30/07/2018 തീയതിയായി ജെ.8512/17 നമ്പർ കത്ത് ജില്ലാ ഓഫീസിലേക്ക് അയച്ച നല്കിയതിൽ പട്ടിത്തറ വില്ലേജിലെ അനധികൃത കരിങ്കല്ല് ക്വാറികളിൽ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ 02/07/2018 തീയതിയിൽ പരിശോധന നടത്തിയെന്നും പരിശോധനയിൽ കണ്ടെത്തിയ ക്വാറികളുടെ വിവരങ്ങൾ അടിയന്തിര നടപടികൾക്കായി ജില്ലാ ഓഫീസിലേക്ക് അയച്ച് നല്കുകയും ചെയ്തിട്ടുള്ളതാണ്. ടി കത്തുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കത്തിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ സ്ഥലം ഉടമകളുടെ സാന്നിദ്ധ്യത്തിൽ പട്ടിത്തറ വില്ലേജ് ആഫീസറോടൊപ്പം ജില്ലാ ആഫീസിൽ നിന്നും 3/12/19 തീയതിയിൽ നടത്തിയ ടി പരിശോധനയിൽ കത്തിൽ സൂചിപ്പിക്കാത്ത ശ്രീമതി. ഷെറീന, കുമ്പ്രകണ്ണാലത്ത് വളപ്പിൽ ഹൗസ്, മല, പി.ഒ., കക്കാട്ടിരി, പട്ടിത്തറ എന്നവരുടെ കൈവശത്തിൽപ്പെട്ട പട്ടിത്തറ വില്ലേജിലെ സർവ്വേ നമ്പർ 164/3,164/2ഏ,164/2ബി ൽ പ്പെട്ട സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടക്കുന്നതായി ജില്ലാ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയത് അളന്ന് തിട്ടപ്പെടുത്തിയതിൽ 40 മീറ്റർ നീളം, 11 മീറ്റർ വീതി, 15 മീറ്റർ ആഴത്തിൽ 6600 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തു നീക്കം ചെയ്തിട്ടുള്ളതായി ബോധ്യപ്പെടുകയും ചെയ്തു.

തുടർന്ന് മേൽ വിഷയത്തിൽ സ്ഥലം ഉടമയുടെ വാദം നേരിട്ട് കേൾക്കുന്നതിനായി 24/01/2020 തീയതിയിൽ ആഫീസിൽ ഹിയറിംഗിന് ഹാജരാകേണ്ടതാണെന്ന് ആവശ്യപ്പെടുകയും ശ്രീമതി. ഷെറീനയ്ക്ക് പകരം മകൻ ശ്രീ.മുഹമ്മദ് റിയാസ് കെ.പി എന്നവർ 29/01/2020 ന് ഹിയറിംഗിന് ഹാജരാകുകയും ചെയ്തിട്ടുള്ളതാണ്. ഹിയറിംഗിൽ തന്റെ ഉമ്മയുടെ ഉടമസ്ഥതയിൽ ടി സ്ഥലത്ത് 2016 വരെ പെർമിറ്റ് എടുത്തിട്ടുള്ളതും ആയതിന് ശേഷം കുറച്ച നാൾ അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്തിരുന്നുവെന്നും അനധികൃതമായി ഖനനം ചെയ്തതിന് പിഴ അടച്ചിട്ടുള്ളതും പിഴ അടച്ചത് കുറവ് ചെയ്യണമെന്നും പിഴ തുകയിൽ

നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. .

ഹിയറിംഗിൽ അറിയിച്ച വാദം ജില്ലാ ഓഫീസിന് അംഗീകരിക്കാൻ കഴിയാത്തതാണ്. ജില്ലാ ഓഫീസിൽ നിന്നും 2019 വർഷത്തിലാണ് പരിശോധന നടത്തിയത് ആ സമയത്തും ഖനന പ്രവർത്തനങ്ങൾ നടത്തിയതായി കാണപ്പെട്ടുകയും പുതിയതായി കരിങ്കല്ല് (fresh cutting) പൊട്ടിച്ച് നീക്കിയ സ്ഥലങ്ങൾ മാത്രമാണ് അളന്നു തിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. ആകയാൽ അപേക്ഷകന്റെ മേൽ വാദം അംഗീകരിക്കുവാൻ സാധിക്കില്ലെന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്ത 6,600 ക്യൂബിക് മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 3,96,000/- രൂപയും വില (റോയൽറ്റിയുടെ രണ്ടിരട്ടി) 7,92,000/- രൂപയും പിഴ 25,000/- രൂപയും ചേർത്ത് ആകെ 12,13,000/- രൂപ 2016 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സർക്കാരിലേകക് അടക്കണമെന്ന് ആവശ്യപ്പെട്ട് 19/10/2020 തീയതിയിൽ ഡിമാന്റ് നോട്ടീസ് ശ്രീമതി. ഷെറീനക്ക് നല്കുകയും ചെയ്തിട്ടുള്ളതാണ് . ആയതിന് യാതൊരു മറുപടി നല്കുകയോ തുക സർക്കാരിലേയ്ക്ക് ഒടുക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ആകയാൽ 05/03/2021 തീയതിയിൽ വീണ്ടും ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതാണ് .

4. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. 2018-ലാണ് പട്ടിത്തറ വില്ലേജ് ഓഫീസർ സ്ഥലം പരിശോധിച്ചത്. 2019 ലാണ് പാലക്കാട് ജില്ലാ ഓഫീസ് സ്ഥലം പരിശോധിച്ചത്. ടി സമയങ്ങളിലെല്ലാം അനധികൃത കരിങ്കല്ല് ഖനനം നടത്തിയിട്ടുള്ളതാണന്ന് ബോധ്യപ്പെട്ടുകയും പുതിയതായി ഖനനം ചെയ്ത സ്ഥലങ്ങൾ മാത്രം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. സ്ഥലപരിശോധന നടത്തുന്നതിന് നോട്ടീസ് അപ്പീൽ കക്ഷിക്ക് നോട്ടീസ് നല്കി അപ്പീൽ കക്ഷിയുടെ മകന്റെ സാന്നിദ്ധ്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർക്കൊപ്പമാണ് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളത്. കൂടാതെ 2018-ലും 2019 ലും ടി സ്ഥലം ഉൾപ്പെട്ട പ്രദേശങ്ങളിൽ അനധികൃത ഖനനം നടത്തുന്നു എന്ന് ജില്ലാ ഓഫീസിൽ പരാതി ലഭിച്ചിട്ടുള്ളതുമാണ്. ടിയാന് പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. ഹിയറിംഗിന് ഹാജരാകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗിൽ ശ്രീ. ഷെറീനക്കുവേണ്ടി മകൻ ശ്രീ. മുഹമ്മദ് റിയാസ് കെ.പി ഹാജരാകുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷി അനധികൃത ഖനനം നടത്തിയിട്ടില്ലെന്നും കക്ഷിയുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയില്ലെന്നും നേരിൽ കേട്ടിട്ടില്ലെന്നുമുള്ള വാദത്തിൽ കഴമ്പില്ല. അതിനാൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ധാതുവിന്റെ റോയൽറ്റി, വില (റോയൽറ്റിയുടെ രണ്ടിരട്ടി), കോമ്പൗണ്ടിംഗ് ഫീ എന്നിവ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ റൂൾ 108 (2) പ്രകാരം കക്ഷി ബാദ്ധ്യസ്ഥയാണ്. ഈ സാഹചര്യത്തിൽ ജിയോളജിസ്റ്റ് നല്കിയ 05/03/2021 തീയതിയിലെ ഡിമാന്റ് നോട്ടീസ് നില നിറുത്തികൊണ്ടും, എന്നാൽ 17/10/2020 ൽ ജിയോളജിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസിന് 27/1/2021 ൽ അപ്പീൽ നല്കിയിട്ടുള്ളതിനാലും അപ്പീൽ ഇതുവരെ തീർപ്പാക്കാത്തത് കക്ഷിയുടെ ഭാഗത്തുള്ള വീഴ്ചയല്ലെന്നും ഇക്കാരണത്താൽ ഇതുവരെയുള്ള പലിശ ഒടുക്കുവാൻ ആവശ്യപ്പെട്ട് റവന്യൂ റിക്കവറി നോട്ടീസ് നൽകിയത് ശരിയല്ലെന്നുമുള്ള കക്ഷിയുടെ വാദം പരിഗണിച്ച് ഡിമാന്റ് നോട്ടീസ് തുകയുടെ പലിശ ഒഴിവാക്കി ഡിമാന്റ് നോട്ടീസ് തുക മാത്രം ഈടാക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി അപ്പീൽ ഹർജി

തീർപ്പാക്കിയും അപ്രകാരം ബഹു.ഹൈക്കോടതി വിധി നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീമതി.ഷെറീന, കുമ്പ്രകണ്ണാലത്ത് വളപ്പിൽ ഹൌസ്, മല.പി.ഒ, പട്ടിത്തറ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പാലക്കാട്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 06-01-2026 12:01:50

സെക്ഷൻ ഓഫീസർ